**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6215** **10.7.2012-ൽ മറുപടിക്ക്**

**ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>,, പി. ശ്രീരാമകൃഷ്ണൻ<br>ഡോ. കെ. ടി. ജലീൽ<br>ശ്രീ. പി. റ്റി. എ റഹീം | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) പഞ്ചായത്തുകളിൽ ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾക്ക് കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയം തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണെന്ന് അറിയിക്കുമോ; | എ) കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയം പഞ്ചായത്തുകളിൽ ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുവേണ്ടി പ്രത്യേകം തുക അനുവദിച്ചിട്ടില്ല. എന്നാൽ ടോട്ടൽ സാനിട്ടേഷൻ ക്രാമ്പയിനു വേണ്ടി അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും 10% തുക ഖരമാലിന്യ സംസ്കരണത്തിനുവേണ്ടി ചെലവാക്കാവുന്നതാണ്. അതുപ്രകാരം വികേന്ദ്രീകരണ മാലിന്യ സംസ്കര പദ്ധതികൾക്കു 2011-12 വർഷത്തിൽ 23.292 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2012-13 ലെ തുക കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല. |
| ബി) ഇതിനായി സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾ വിശദമാക്കുമോ; പദ്ധതി സമർപ്പിച്ചത് ഏപ്പോഴാണ്; വ്യക്തമാക്കുമോ;<br>സി) പ്രസ്തുത പദ്ധതി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിന് എന്ത് തുക ആവശ്യമായി വരും; കേന്ദ്രസഹായമായി പ്രതീക്ഷിക്കുന്ന തുക എത്ര; സംസ്ഥാനവിഹിതമായി എന്ത് തുക ആവശ്യമാണ്; ഇതിനായി ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ? | ബി) & സി) കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ ഗൈഡ്ലൈൻസ് അനുസരിച്ച് പഞ്ചായത്ത് ഒന്നിന് പരമാവധി 20 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്നതാണ്. 4 ലക്ഷം രൂപ സംസ്ഥാന വിഹിതമായിരിക്കും. ആവശ്യമായ തുകയുടെ വിവരങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ